**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 57** **17-09-2025 - ൽ മറുപടിയ്ക്ക്**

**കശുവണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കാഷ്യൂ കോർപ്പറേഷനിലെയും കാപെക്സിലെയും കശുവണ്ടി തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽ നൽകാൻ വേണ്ടി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (എ) | 2017-18 മുതൽ 2025-26 നാളിതുവരെ കേരള കാഷ്യൂ ബോർഡ് വിവിധ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും 93,774.028 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്ത് പൊതുമേഖലാ സ്ഥാപനങ്ങളായ സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും നൽകിയത് വഴി തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ നൽകാൻ സാധിച്ചു.<br><br>2025-26 വർഷം 15768.254 മെട്രിക് ടൺ തോട്ടണ്ടി കാഷ്യൂ ബോർഡ് മുഖാന്തിരം ഇറക്കുമതി ചെയ്ത് സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് 11325.695 മെട്രിക് ടണും കാപ്പെക്സിന് 4442.559 മെട്രിക് ടണും നൽകിയിട്ടുണ്ട്.<br><br>ഈ സാമ്പത്തിക വർഷം 51 ദിവസത്തെ ജോലിയാണ് കശുവണ്ടി വികസന കോർപ്പറേഷൻ നൽകിയിട്ടുള്ളത്. നിലവിൽ കോർപ്പറേഷനിൽ ലഭ്യമായ തോട്ടണ്ടി ഉപയോഗിച്ച് തൊഴിലാളികൾക്ക് തുടർച്ചയായി 2026 മെയ് മാസം വരെ ജോലി നൽകാൻ കഴിയുന്നതാണ്. തുടർന്നും കാഷ്യൂ ബോർഡ് വഴി തോട്ടണ്ടി ലഭ്യമാക്കി തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകാൻ കോർപ്പറേഷൻ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.<br><br>കാപ്പക്സിൽ ഈ സാമ്പത്തിക വർഷം ഇതിനകം 69 ദിവസം തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം പൂർണ്ണമായും തൊഴിൽ നൽകുന്നതിനുള്ള തോട്ടണ്ടി കാഷ്യൂ ബോർഡ് വഴി കാപ്പെക്സ് സംഭരിച്ചിട്ടുണ്ട്. 2025 ജൂൺ മാസം മുതൽ ഫാക്ടറികൾ തുടർച്ചയായി പ്രവർത്തിച്ചു വരുന്നു. ഇപ്പോഴത്തെ നിലയിൽ ഇനി 115 ദിവസവും കൂടി |

| | | | |
|---|---|---|---|
| | | | തൊഴിൽ നൽകുവാൻ ആവശ്യമായ തോട്ടണ്ടി കാപ്പക്സിന്റെ കൈവശം ലഭ്യമാണ്. |
| (ബി) | ആഭ്യന്തര വിപണിയിലും വിദേശ വിപണിയിലും ഉണ്ടായിട്ടുള്ള പ്രതിസന്ധികൾ പരിഹരിച്ച് കാഷ്യൂ കോർപ്പറേഷനും കാപെക്സിനും ആഭ്യന്തര വിപണിയിലെ വിൽപ്പന ശക്തിപ്പെടുത്താൻ എത്രമാത്രം കഴിഞ്ഞിട്ടുണ്ട്; പുതിയതായി ഏതൊക്കെ മേഖലയിലെ വിപണന സാധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്; | (ബി) | കാഷ്യൂ കോർപ്പറേഷൻ "Kerala Cashews" എന്ന ബ്രാൻഡിൽ വിപണനം ചെയ്യുന്ന കശുവണ്ടി പരിപ്പ് പൊതുവിപണിയിൽ ഉയർന്ന നിലവാരം പുലർത്തുന്ന ഉൽപ്പന്നമാണ്. കശുവണ്ടി പരിപ്പിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ കാഷ്യൂ വിറ്റ ചോക്ലേറ്റ്, കാഷ്യൂ വിറ്റ കാർഡമം, കാഷ്യൂ വിറ്റ വാനില, കാഷ്യൂ വിറ്റ പിസ്ത, കാഷ്യൂ സൂപ്പ്, കാഷ്യൂ പൗഡർ, കാഷ്യൂ വാനില മിൽക്ക് ഷേക്ക് പൗഡർ, റെഡ്ചില്ലി കോട്ടഡ് കാഷ്യു, ചില്ലി ഗാർലിക് കോട്ടഡ് കാഷ്യു, സാൾട്ട് ആന്റ് പെപ്പർ കോട്ടഡ് കാഷ്യു, റോസ്റ്റഡ് കാഷ്യൂസ് എന്നിവയും, കശുമാങ്ങയിൽ നിന്നും കാഷ്യു ആപ്പിൾ സോഡ, കാഷ്യു ആപ്പിൾ ജാം, കാഷ്യു ആപ്പിൾ സിറപ്പ് എന്നിവയും ഉൽപ്പാദിപ്പിച്ച് വിപണനം നടത്തി വരുന്നു. മാർക്കറ്റ്ഫെഡ്, കൺസ്യൂമർഫെഡ്, സപ്ലൈകോ എന്നീ സ്ഥാപനങ്ങൾ വഴി പ്രസ്തുത ഉൽപ്പന്നങ്ങളുടെ വിപണനം വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>കശുവണ്ടി ഉല്പന്നങ്ങൾ ആഭ്യന്തര വിപണിയിൽ ലഭ്യമാകത്തക്ക വിധത്തിൽ കാഷ്യൂ കോർപ്പറേഷൻ കേരളത്തിലുടനീളം വിപണന ശൃംഖല ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കാഷ്യു കോർപ്പറേഷന്റെ വെബ്സൈറ്റ് വഴിയും K-shoppe, ആമസോൺ, ONDC, ഡിസ്ട്രിബ്യൂട്ടേഴ്സ് / ഫ്രാഞ്ചൈസി/ മൊബൈൽ സെയിൽസ് വാൻ, ട്രേഡ് ഫെയർ, കോർപ്പറേറ്റ് സെയിൽസ്, മാർക്കറ്റ്ഫെഡ്, കൺസ്യൂമർഫെഡ്, HDCK Ltd, സപ്ലൈകോ, Raidco, Agro industries, മിൽമയുടെ ഔട്ട്‌ലെറ്റുകൾ മുതലായവ വഴിയും കശുവണ്ടി പരിപ്പ് വിപണനം നടത്തുന്നു. ഫ്ളക്സി പൗച്ചിൽ പരിപ്പ് നിറച്ച് വിപണനത്തിന് സാധ്യമാകുന്ന തരത്തിലുള്ള അത്യാധുനിക ഫില്ലിംഗ് പാക്കിംഗ് മെഷീൻ കോർപ്പറേഷന്റെ കൊല്ലം അയത്തിൽ ഫാക്ടറിയിൽ സ്ഥാപിച്ചിട്ടുള്ളതാണ്.<br><br>ഓണത്തോട് അനുബന്ധിച്ച് സർക്കാരിന്റെ സഹായത്തോടുകൂടി എല്ലാ BPL റേഷൻ കാർഡ് ഉടമകൾക്കും 50 ഗ്രാമിന്റെ കശുവണ്ടി പരിപ്പ് സിവിൽ സപ്ലൈസുമായി സഹകരിച്ച് ഓണക്കിറ്റ് വഴി വിപണനം നടത്തിയിട്ടുണ്ട്.<br><br>ആഭ്യന്തരവിപണിയിൽ സംസ്ഥാനത്തിനു പുറത്തും വിപണി കണ്ടെത്തുന്നതിന്റെ ഭാഗമായി വിപണനം വ്യാപിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഗുജറാത്തിലെ ബനാസ്കാന്ത ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേർസ് യൂണിയൻ ലിമിറ്റഡ് - 38,000 Kg<br><br>ഗുജറാത്തിലെ Surat Tapi District Co-operative Milk Producers Union Ltd- 35,000 Kg W320 കശുവണ്ടി പരിപ്പ്<br><br>തിരുമല തിരുപ്പതി ദേവസ്ഥാനം<br><br>-10,000 Kg "S" ഗ്രേഡ് പരിപ്പ്<br><br>ഗുജറാത്ത് വിദ്യ ഡയറി - 3,000 Kgപരിപ്പ്<br><br>സപ്ലൈകോ, കൺസ്യൂമർ ഫെഡ്, വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ കൺസ്യൂമർ സൂപ്പർ മാർക്കറ്റുകൾ, പോലീസ് കാന്റീനുകൾ, കൊച്ചിൻ ഷിപ്യാർഡ് കാന്റീൻ, സർക്കാർ ഓൺലൈൻ മാർക്കറ്റ് പ്ലാറ്റ്ഫോം ആയ K-shoppe, മുഖേന വിപണനവും ഇ-ടെൻഡർ വഴി മൊത്ത കച്ചവടവും കാപ്പക്സ് നടത്തുന്നുണ്ട്. കൂടാതെ ആറ് മൂല്യ വർധിത ഉല്പന്നങ്ങളായ കാഷ്യൂ ബട്ടർ, (വാനില, ചോക്ലേറ്റ്), കാഷ്യൂ പൗഡർ, കശുമാങ്ങ അച്ചാർ, കശുമാങ്ങ സിറപ്പ്, ഫ്യൂഷൻ ജാം എന്നിവയും വിപണിയിൽ ഇറക്കിയിട്ടുണ്ട്. |
| (സി) | പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് വ്യവസായികളെ സഹായിക്കാൻ വേണ്ടി പ്രഖ്യാപിച്ച പദ്ധതികളുടെ ആനുകൂല്യം കൂടുതൽ പേർക്ക് ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (സി) | സാധിച്ചിട്ടുണ്ട്. കടക്കെണിയിലായ സ്വകാര്യ കശുവണ്ടി മേഖലയെ സഹായിക്കുന്നതിനായി സർക്കാർ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായ 'ഒറ്റത്തവണ തീർപ്പാക്കൽ' (OTS) പദ്ധതി സംബന്ധിച്ച് ഫോർമുല രൂപീകരിക്കുന്നതിനും ബാങ്കിന് ശിപാർശ നൽകുന്നതിനുമായി സർക്കാർ രൂപീകരിച്ച മൂന്നംഗ കമ്മിറ്റിയുടെ 30.12.2021 ൽ നടന്ന യോഗതീരുമാനങ്ങൾക്ക് പ്രാബല്യം നൽകിക്കൊണ്ടും 'ഒറ്റത്തവണ തീർപ്പാക്കൽ' (OTS) പദ്ധതി നടപ്പിലാക്കി. സർക്കാർ പ്രഖ്യാപിച്ച 'ഒറ്റത്തവണ തീർപ്പാക്കൽ' പദ്ധതിയിൽ 31.03.2021 വരെ നിഷ്ക്രിയ ആസ്തി (NPA) ആയ കശുവണ്ടി വ്യവസായികളുടെ ലോൺ അക്കൗണ്ടുകൾ ആണ് പരിഗണിക്കുന്നത്. 2 കോടി രൂപ വരെയുള്ള അക്കൗണ്ടുകൾക്ക് 50% വും 2 കോടിയ്ക്കു മുകളിൽ 10 കോടി വരെയുള്ള NPA അക്കൗണ്ടുകൾക്ക് OTS തുകയുടെ 60% വും അംഗീകരിച്ചാണ് OTS ഉത്തരവായിട്ടുള്ളത്. OTS സ്വീകരിക്കുന്ന അവസാന തീയതി 31.03.2022 വരെ എന്നുള്ളത് സർക്കാർ ആവശ്യപ്പെട്ടതു പ്രകാരം 31.12.2024 വരെ ദീർഘിപ്പിച്ചു നൽകി. ഇത് 31.12.2025 വരെ ദീർഘിപ്പിച്ചു നൽകാൻ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന |

യോഗത്തിൽ ബാങ്കുകളോടും സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് സമിതിയോടും പരിഗണിക്കാൻ ആവശ്യപ്പെട്ടിരുന്നു. ഇത് പ്രകാരം SLBC കൺവീനർ ബാങ്കുകൾക്ക് നേരിട്ട് നിർദ്ദേശം നൽകിയിരുന്നു.

കൂടാതെ സം**സ്ഥാനത്ത് കശുവണ്ടി വ്യവസായം അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളും പ്രതിസന്ധികളും പഠിക്കുന്നതിനും ടി മേഖലയുടെ സമഗ്ര വികസനം ഉറപ്പുവരുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി രൂപീകരിച്ച വിദഗ്ധ സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ കശുവണ്ടി മേഖലയുടെ പുനരുദ്ധാരണത്തിനായി (2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ) 30 കോടി രൂപ വകയിരുത്തിയിരുന്നു.** കശുവണ്ടി മേഖല നിലവിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കു ന്നതിനും കശുവണ്ടി വ്യവസായ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനുമായി വ്യവസായ വകുപ്പ് പദ്ധതികൾ നിലവിൽ നടപ്പിലാക്കി വരുന്നു.

1. Scheme for Assistance for Capital Grants and Interest Subvention to Small and Medium Cashew Factory Units for Rebuilding Lost Livelihood.

കേരളത്തിലെ ചെറുകിട-ഇടത്തരം കാഷ്യൂ ഫാക്ടറിയുടെ നവീനവത്കര ണത്തിന് മൂലധന ഗ്രാന്റും പലിശ സബ്സിഡിയും അനുവദിക്കുന്ന പദ്ധതിക്ക് രണ്ടു ഘടകങ്ങളാണുള്ളത്.

A) Capital Grant (മൂലധന ഗ്രാന്റ്) ചെറുകിട ഇടത്തരം കാഷ്യൂ ഫാക്ടറികൾക്ക് അവയുടെ സ്ഥിരാസ്തി മൂലധനത്തിന്മേലും, Technology upgradation-നും തുക അനുവദിക്കുന്നു. 2020 മാർച്ചിൽ പ്രവർത്തനമുള്ളതും തുടർന്ന് പ്രവർത്തിച്ച് കൊണ്ടിരിക്കുന്നതുമായ ഫാക്ടറി കൾക്കാണ് ആനുകൂല്യത്തിന് അർഹത യുള്ളത്. ആനുകൂല്യം ലഭിക്കുന്ന യൂണിറ്റുകൾ തുടർച്ചയായ 5 വർഷം പ്രവർത്തിക്കേണ്ടതാണ്. മൂലധന ഗ്രാന്റായി പരമാവധി 40 ലക്ഷം രൂപ അനുവദിക്കുന്നു. ടി ആനുകൂല്യം ഒരു തവണ മാത്രമേ അനുവദിക്കുകയുള്ളു. ജനറൽ കാറ്റഗറിക്ക് investment-ന്റെ 40% SC/ST/Women/Youth/Differently abled എന്നിവർക്ക് 50% -വും ആനുകൂല്യമായി ലഭിക്കും.
B) Interest Subvention (പലിശ സബ്സിഡി) - പ്രവർത്തന മൂലധന ആവശ്യത്തിനായി എടുത്ത ലോണുകളിൽ അടച്ച പലിശയ്ക്ക് സബ്സിഡി

അനുവദിക്കുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം പ്രവർത്തന മൂലധന /ക്യാഷ് ക്രെഡിറ്റ് ലോൺ എടുത്തതും നിലവിൽ പ്രവർത്തിക്കുന്നതുമായ ചെറുകിട ഇടത്തരം കാഷ്യൂ ഫാക്ടറികൾക്ക് ആനുകൂല്യത്തിന് അർഹതയുണ്ട്. അടച്ച പലിശയുടെ 50 ശതമാനം പരമാവധി 10 ലക്ഷം രൂപ പലിശ സബ്സിഡിയായി അനുവദിക്കുന്നു. നിയന്ത്രണങ്ങൾക്കു വിധേയമായി പരമാവധി 3 തുടർച്ചയായ വർഷങ്ങളിൽ ആനുകൂല്യം ലഭ്യമായ യൂണിറ്റുകൾ തുടർച്ചയായി 5 വർഷം പ്രവർത്തിക്കേണ്ടതാണ്.

2025-26 സാമ്പത്തിക വർഷം 02.08.2025 ലെ സ.ഉ (സാധാ)നം.975/2025/വ്യവ പ്രകാരം 200ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

2. സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവനം, പുനരുദ്ധാരണം, ഉയർത്തെഴുന്നേല്പ് പദ്ധതി (Revival Rejuvenation and Resurrection of Private Cashew Industry Sector) 2852-08-600-75 (P)

സംസ്ഥാനത്തെ കശുവണ്ടി വ്യവസായ മേഖല നിലവിൽ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളും പ്രതിസന്ധികളും സാധ്യതകളും പഠിക്കുന്നതിനും മേഖലയുടെ സമഗ്ര വികസനം ഉറപ്പുവരുത്തുന്നതിനും ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുന്ന തിനായി മാനേജ്മെന്റ്/അക്കാദമിക രംഗത്തെ വിദഗ്ധർ ഉൾപ്പെടുന്ന സമിതി യുടെ ഇടക്കാല റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയ 200 ലക്ഷം രൂപ സ.ഉ (സാധാ)നം.834/2024/വ്യവ, തീയതി, 05.09.2024 പ്രകാരം റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് സ.ഉ (സാധാ)നം.446/2025/വ്യവ തീയതി, 26.04.2025 പ്രകാരം സർക്കാർ അംഗീകരിച്ചിരുന്നു. നടപ്പു സാമ്പത്തിക വർഷം 200 ലക്ഷം രൂപ പ്രസ്തുത പദ്ധതിയ്ക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രോസസ്സിംഗ് യൂണിറ്റുകൾക്ക് അവയുടെ സുസ്ഥിരമായ പ്രവർത്തന ത്തിനും മികച്ച ഉൽപ്പാദന ക്ഷമതയ്ക്കും പ്രോത്സാഹനത്തിനും തൊഴിൽ പുനസ്ഥാപിക്കുന്നതിനും, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. കശുവണ്ടി മേഖലയിലെ യോഗ്യരായ സംരംഭകർക്ക് / പ്രോസസ്സർമാർക്ക് മൊത്തം തൊഴിലാളികളുടെ എണ്ണം, തൊഴിൽ ദിനങ്ങളുടെ എണ്ണം, EPF/ESI വിഹിതം എന്നിവ അടിസ്ഥാനമാക്കി ഈ ഇനത്തിൽ അനുവദിക്കണമെന്ന കമ്മിറ്റി ശിപാർശ സർക്കാർ

| | | | |
|---|---|---|---|
| | | | അംഗീകരിച്ചിട്ടുണ്ട്.<br><br>ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനും കൂടുതൽ യുവജനങ്ങളെ ഈ വ്യവസായത്തിലേക്ക് ആകർഷിക്കാനും കഴിയുന്ന തരത്തിൽ സ്ത്രീ സൗഹൃദ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കൽ വിഭാവനം ചെയ്യുന്നു. പ്രോസസ്സിംഗ് യൂണിറ്റുകളിൽ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും നവീകരിക്കുന്നതിനും 50% വരെ മൂലധന ഗ്രാന്റുകൾ നൽകാൻ പദ്ധതി ഉദ്ദേശിക്കുന്നു. പ്രോസസ്സിംഗ് യൂണിറ്റുകളിലെ ഷെല്ലിങ്ങ് വിഭാഗത്തിന്റെ നവീകരണത്തിനായാണ് ഈ പദ്ധതി ഉദ്ദേശിക്കുന്നത്. യൂണിറ്റുകളുടെ പുനരുജ്ജീവനത്തിനായി ഉപകരണങ്ങൾ പ്ലാന്റ് & മെഷിനറി എന്നിവയ്ക്ക് ആവശ്യമായ മൊത്തം മൂലധനച്ചെലവിന്റെ 50 ശതമാനം വരെ ക്യാപിറ്റൽ ഗ്രാന്റായി അനുവദിക്കുന്നു.<br>2025-26 സാമ്പത്തിക വർഷം 200 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | കശുവണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ഡി) | സംസ്ഥാനത്ത് കശുവണ്ടി വ്യവസായം പുനരുജ്ജീവിപ്പിക്കുന്നതിനും തോട്ടണ്ടിയുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുമായി സംസ്ഥാനത്തിനകത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2007 ൽ കശുമാവ് കൃഷി വികസന ഏജൻസി (KSACC) സർക്കാർ രൂപീകരിച്ചു. കാർഷിക സർവ്വകലാശാല, മറ്റ് ഗവേഷണ കേന്ദ്രങ്ങൾ എന്നിവ വികസിപ്പിച്ച അധികം പടരാത്ത ഉയരം കുറഞ്ഞ അത്യുല്പാദന ശേഷിയുള്ള മൂന്നാം വർഷം മുതൽ കായ്ഫലം തരുന്ന ഗ്രാഫ്റ്റ് തൈകൾ കശുമാവ് വ്യാപനത്തിനായി കശുമാവ് കൃഷി വികസന ഏജൻസി (കെ.എസ്.എ.സി.സി) വിതരണം ചെയ്യുന്നു.<br><br>സർക്കാർ/അർദ്ധ സർക്കാർ, ഡി.സി.സി.ഡി തുടങ്ങിയ അംഗീകൃത നഴ്സറികളിൽ നിന്നും കശുമാവ് ഗ്രാഫ്റ്റ് തൈകൾ വാങ്ങി കശുമാവ് കൃഷി പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി ജൈവകശുമാവ് കൃഷിയും തോട്ടണ്ടി ബാങ്ക് സംഭരണവും എന്ന സംസ്ഥാന പദ്ധതിയിലൂടെയാണ് ഇത് നടപ്പിലാക്കി വരുന്നത്. കേന്ദ്രസർക്കാർ സ്ഥാപനമായ ഡയറക്ടറേറ്റ് ഓഫ് കാഷ്യൂ & കൊക്കോ ഡെവലപ്പ്മെന്റ് (DCDD) കൊച്ചിയുടെ കണക്ക് പ്രകാരം 2023-24-ൽ കശുമാവ് കൃഷിയുടെ വിസ്തൃതി 1,08,960 ഹെക്ടർ ആയി വർദ്ധിക്കുകയും ഉൽപ്പാദനം 76,120 മെട്രിക്ക് ടൺ ആയി നിലനിർത്തുകയും ചെയ്തിട്ടുണ്ട്. നാളിതുവരെ |

| | | | |
|---|---|---|---|
| | | | കെ.എസ്.എ. സി.സിയുടെ പ്രവർത്തനഫലമായി 1,01,19,445 തൈകൾ വിവിധ പദ്ധതികളിലൂടെ വിതരണം ചെയ്തിട്ടുണ്ട്.<br><br>2024-25 വർഷം ഉത്തര-ദക്ഷിണ മേഖലകളിലായി 15 കർഷക പരിശീലന പരിപാടികൾ നടത്തിയിട്ടുണ്ട്. 2025 ഫെബ്രുവരിയിൽ 43 കർഷകരെ ഉൾപ്പെടുത്തി 7 ദിവസത്തെ Exposure Visit ഡയറക്ടറേറ്റ് ഓഫ് കാഷ്യൂ & കൊക്കൊയുടെ ധനസഹായത്താൽ നടത്തിയിട്ടുണ്ട്. കഴിഞ്ഞ 3 കൊല്ലങ്ങളിൽ 2022-23 ൽ 3,37,550 തൈകളും, 2023-24 ൽ 3,06,663 തൈകളും, 2024-25-ൽ 5,11,192 തൈകളും വിതരണം ചെയ്യുകയുണ്ടായി. 2025-26 സാമ്പത്തിക വർഷം ജൈവകശുമാവ് കൃഷിയും തോട്ടണ്ടി ബാങ്ക് സംഭരണവും എന്ന പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 631 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ടി തുകക്ക് ഭരണാനുമതി നൽകുകയും ചെയ്തു. ടി തുക വിനിയോഗിച്ച് കെ.എസ്.എ.സി.സി 6,12200 കശുമാവ് തൈകൾ 2552 ഹെക്ടർ സ്ഥലത്തേക്ക് വിവിധ പദ്ധതികളിലായി വിതരണം ചെയ്യാൻ ലക്ഷ്യമിട്ടിരുന്നു. അതിൽ 3,15,000 കശുമാവ് തൈകൾ വിതരണം നടത്തുകയും തൈ വിതരണം പുരോഗമിച്ച് വരികയും ചെയ്യുന്നു. കശുവണ്ടി ഉൽപ്പാദനത്തിൽ ഇതുവഴി അനുകൂലമായ സാഹചര്യം സൃഷ്ടിക്കുവാൻ കെ.എസ്.എ.സി.സിക്ക് സാധിച്ചിട്ടുണ്ട്.<br><br>കൂടാതെ കശുവണ്ടി വികസന കോർപ്പറേഷന്റെ 30 ഫാക്ടറികളിലായി 5500 ഓളം കശുമാവിൻ തൈകൾ കൃഷി ചെയ്യുന്നതിനുള്ള പദ്ധതിയ്ക്ക് കശുവണ്ടി വികസന കോർപ്പറേഷനും രൂപം നൽകിയിട്ടുണ്ട്. കോർപ്പറേഷന്റെ കൊട്ടിയം, പുത്തൂർ, ചാത്തന്നൂർ, കണ്ണനല്ലൂർ, തെറ്റിക്കുഴി ഫാക്ടറികളിലായി 25 ഏക്കർ സ്ഥലത്ത് മാതൃകാ കശുമാവ് തോട്ട പദ്ധതിയിൽപ്പെടുത്തി അത്യുൽപ്പാദന ശേഷിയുള്ള കശുമാവ് തൈകൾ കൃഷി ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ